പത്രാധിപകുറിപ്പ്

# ജനാധിപത്യത്തിന്റെ തെരഞ്ഞെടുപ്പ്

കഴിഞ്ഞ ഒരു ദശകത്തിൽ 182936 കർഷകരാണ് ഇന്ത്യയിൽ ആത്മഹത്യ ചെയ്തത്. ഔദ്യോഗിക കണക്കനുസരിച്ച് ഇനിനേക്കാള എത്രയോ കൂടുതലായിരിക്കും യഥാർത്ഥത്തിൽ സംഭവിച്ചിരിക്കുക. 1960 കളിൽ തുടങ്ങിയ ഹരിത വിപ്ലവം ധാന്യ ഉൽപാദനത്തിൽ ഗണ്യമായ പുരോഗതി ഉണ്ടാക്കിയെങ്കിലും, ഇന്ത്യയുടെ മണ്ണിലും പരസ്ഥിതിയിലും രാസവളങ്ങളും കീടനാശിനികളും ഏൽപ്പിച്ച ആഘാതങ്ങൾ ഭീകരമായിരുന്നു. ആയിരത്തിതൊള്ളായിരത്തി തൊണ്ണുറുകളിൽ നാം സ്വീകരിച്ച സാമ്പത്തിക പരിഷ്ക്കാരങ്ങൾ ഇന്ത്യൻ കർഷകന്റെ നട്ടെല്ലൊടിച്ചു. ജനിതക വിത്തുകളുടെ അധിനിവേശവും ആയതോടെ നമ്മുടെ ജൈവ വൈവിധ്യം ദുർബലമായി. കർഷകന്റെയൊ പരമ്പരാഗത തൊഴിലാളിയുടെയോ ആദിവാസിയുടെയോ ദളിതന്റെയോ ദരിദ്രന്റെയോ ശബ്ദവും പ്രതിഷേധവും ഹൈടെക് വികസനഘോഷങ്ങളിലും വർഗ്ഗീയ ഭീകര ഹിംസകളിലും മുങ്ങിത്താഴ്ന്നു. മദ്ധ്യവർഗ്ഗിയുടെ ജീവിതത്തിനോട് മാത്രം സഹാനുഭൂതി പ്രകടിപ്പിക്കുന്ന രാഷ്ട്രിയ ഉദ്യോഗസ്ഥ നേതൃത്വം പ്രതിഷേധങ്ങളെ സ്റ്റേറ്റിന്റെ മർദ്ദനമുറകൾ കൊണ്ടോ അന്ധമായ മൗനം കൊണ്ടോ ആണ് നേരിടുന്നത്.

ഈയൊരു പശ്ചാത്തലത്തിലാണ് നാം പതിനഞ്ചാം ലോകസഭ തെരഞ്ഞെടുപ്പിൽ പ്രവേശിക്കുന്നത്. നിരാലംബനായ കർഷകന്റെ, പരമ്പരാഗത തൊഴിലാളിയുടെ, ദളിതന്റെ, ആദിവാസിയുടെ നിസ്സഹായയാ സ്ത്രിയുടെ, കുഞ്ഞിന്റെ ദരിദ്രന്റെ അടിസ്ഥാനജീവിത പ്രശ്നങ്ങളോട് നമ്മുടെ രാഷ്ട്രിയക്കാർ എല്ലാവരും പ്രതികരിക്കുന്നു എന്നതിന്റെ മാപിനിയാണ് ഈ തെരഞ്ഞെടുപ്പ്. പക്ഷേ, രാഷ്ട്രീയ കക്ഷികൾ കാതലായ ഇത്തരം പ്രശ്നങ്ങളെയൊന്നും അഭിമുഖീകരിക്കുന്നതേയില്ല. വർഗ്ഗീയതയുടെയും ജാതീയതയുടെയും പണാധിപത്യത്തിന്റെയും സമവാക്യങ്ങളിലൂടെ ഏതുവിധേനയും അധികാരത്തിലൊരു പങ്ക് പിടിച്ചു പറ്റുകയെന്നത് മാത്രമായിരിക്കുന്നു എല്ലാ രാഷ്ട്രിയ കക്ഷികകളുടെയും ലക്ഷ്യം, ജനങ്ങൾ കരുക്കളാണ്, അവർക്ക്.

ജനാധിപത്യ മൂല്യങ്ങളുടെ ശോഷണ കാലമാണിത്. ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുന്നതിന് ഉള്ളുറച്ച രാഷ്ട്രീയ ബോധം പാർട്ടികൾക്കാവശ്യമാണ്. ഉൾപാർട്ടി ജനാധിപത്യമുള്ള ഒരൊറ്റ പാർട്ടിയും ഇന്ത്യയിലില്ല. ജനങ്ങളും സ്റ്റേറ്റും തമ്മിലുള്ള ബന്ധം അർത്ഥവത്താകുകയാണ് രാഷ്ട്രിയ കക്ഷിയിലെ അടിസ്ഥാനതല പ്രവർത്തകർ ചെയ്യേണ്ടത്, വികസനം, പരിസ്ഥിതി, മനുഷ്യാവകാശങ്ങൾ എന്നീ ഉൽക്കണ്ഠകൾ അവർ ജനങ്ങളുമായി പങ്കിടുന്നു. എതനീതിക്കും ഏതധർമ്മത്തിനും എതിരെ പോരാടുന്ന സത്യാഗ്രഹികൾ. അടിസ്ഥാനതല പ്രവർത്തനത്തിൽ ഇടം കണ്ടെത്താത്ത ഒരു രാഷ്ട്രീയ കക്ഷിയുടെ പ്രതിനിധി പാർലിൻമെൻറിനെഒരു സല്ലാപക്കടയാക്കി മാറ്റുന്നതിൽ ദയനീയമായ പങ്ക് വഹിക്കുന്നു. ജനപ്രശ്നങ്ങളൊന്നും തന്നെ പാർലിമെന്റിന്റെ ചർച്ചകളിലേക്ക് വരുന്നില്ല. ജനകീയ ശബ്ദങ്ങൾ കേൾക്കാത്ത പാർലിമെന്റുള്ള ഒരു രാജ്യത്ത് നീതി വ്യവസ്ഥയുടെ നില പരുങ്ങലിലാണ്. മൂല്യച്യുതിയും അഴിമതിയും നീതിവ്യവസ്ഥയെ തകിടം മറിക്കുന്നു. നിയമങ്ങളും ക്രമസമാധാനവും മാഫിയ- കോർപ്പറേറ്റ് ഗ്യാങ്ങ് വാദങ്ങളുടെ പിടിയിലമരുന്നു. ഗ്രാമതലം മുതൽ തലസ്ഥാനം വരെ ഈ അധമശക്തികൾ മിടിമുറുക്കുന്നതോടെ സ്വതന്ത്രമായ പത്ര പ്രവർത്തനവും ജനകീയ മാധ്യമങ്ങളും സ്ഥാപിത താൽപര്യങ്ങൾക്കുവേണ്ടി ഗോഷ്ഠികൾ കാണിക്കുന്നു. ജനാധിപത്യത്തിന്റെ എല്ലാ മൂലാധാരങ്ങളും ദുർഭ്ഭലമായ ഈയൊരവസ്ഥയിൽ ദരിദ്രനായ വോട്ടർ തന്റെ സമ്മതിദാനം ആർക്കാണ് നൽകുക? ആർക്കു കൊടുത്താലും അത് തന്നെ തന്നെ തിരിഞ്ഞു കൊള്ളും എന്ന ഭീകരവും ദയനീയവുമായ അവസ്ഥ:

അഞ്ചുകൊല്ലത്തിലൊരിക്കലുള്ള പ്രതീകാത്മകമായ ജനാധിപത്യ പ്രക്രിയ, കഴിഞ്ഞ കാലം അപഗ്രഥിക്കാനും, ഭാവിയെ രൂപപ്പെടുത്താനുമുള്ള പൗരന്റെ സ്വാതന്ത്ര്യത്തിന്റെ ദിവസമാണ്. എന്നാൽ, കഴിഞ്ഞ കാലത്തെ അപഗ്രഥിച്ച് പോരായ്മകൾ കണ്ടെത്താനുള്ള കെല്പ് പൗരനുണ്ടാകണം, അതുപോലെത്തന്നെ ഭാവി ഏത് ദിശയിലായിരിക്കണമെന്ന് തിട്ടപ്പെടുത്താനും, അപനിർമ്മാണവും പുനഃനിർമ്മാണവും സാധ്യമാകേണ്ട ഒരു മുഹൂർത്തമായിരിക്കണം നമുക്കീ തെരഞ്ഞെടുപ്പ് കാലം.

ജീർണ്ണിച്ച കക്ഷിരാഷ്ട്രീയക്കാരിൽ നിന്ന് വിട്ട് പൗരാവകാശ സംഘടനകൾക്കും ജനകീയ പ്രസ്ഥാനങ്ങൾക്കും കൂട്ടായ്മകൾക്കും ജനകീയ പ്രശ്നങ്ങളെ നേരോടെ കാണുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തികൾക്കും എഴുത്തുകാർക്കും സാമൂഹ്യ പ്രവർത്തകർക്കും ഇടപെടാനുള്ള അവസരമാണിത്. പക്ഷെ, ഇത് വെറും താൽക്കാലിക ക്രമത്തിൽ പുതിയതായിരിക്കാൻ പാടില്ല. ഇനിയും സമയമുണ്ട്, എല്ലാം പൂർണ്ണമായി നശിച്ചിട്ടില്ല, പ്രവർത്തനത്തിന്റെ എളിയ തുടക്കം ഈ സന്ധിയിൽ നിന്നാകാം. അടിസ്ഥാനതലത്തിൽ നിന്ന്. നിരാലംബന്റെ, ഭ്രഷ്ടനാക്കപ്പെട്ടവന്റെ നിസ്സാഹയന്റെ മൂർത്തമായ ഒരു പ്രശ്നത്തിൽ നിന്ന് നേരോടെ, വീറോടെ തുടങ്ങുക. ONE STEP IS ENOUGH FOR ME, ഗാന്ധിയുടെ ഈ വാക്കുകൾ ശ്രദ്ധിച്ചുകൊണ്ട്.